**മധുരമായ കുട്ടികളേ – ആത്മാവിനെ സതോപ്രധാനമാക്കി മാറ്റുന്നതിനുള്ള ചിന്തയുണ്ടായിരിക്കണം, ഒരു കുറവും ഉണ്ടായിരിക്കരുത്, മായ തെറ്റ് ചെയ്യിക്കരുത്.**

**ചോദ്യം:–** നിങ്ങൾ കുട്ടികളുടെ മുഖത്തുനിന്നും സദാ ഏതൊരു ശുഭമായ വാക്കാണ് വരേണ്ടത്?
**ഉത്തരം:–** സദാ മുഖത്തിലൂടെ ഈ ശുഭമായ വാക്കുകൾ പറയൂ അതായത് ഞങ്ങൾ നരനിൽ നിന്നും നാരായണനായി മാറും, കുറഞ്ഞവരാകില്ല. ഞങ്ങൾ തന്നെയായിരുന്നു വിശ്വത്തിന്റെ അധികാരി ഇനി വീണ്ടും ആകും. എന്നാൽ ഈ ലക്ഷ്യം വളരെ ഉയർന്നതാണ്, അതിനാൽ വളരെ വളരെ ശ്രദ്ധയോടെയിരിക്കണം. തന്റെ കണക്കുകൾ നോക്കണം. ലക്ഷ്യത്തെ മുന്നിൽ വെച്ച് പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കണം, നിരാശരാകരുത്.

**ഓം ശാന്തി**. ബാബ ഇരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് – എപ്പോൾ ഇവിടെ ഓർമ്മയിൽ ഇരിക്കുന്നുവോ അപ്പോൾ സഹോദരീ സഹോദരന്മാരോട് പറയൂ, നിങ്ങൾ ആത്മാഭിമാനിയായി ഇരിക്കൂ എന്നിട്ട് ബാബയെ ഓർമ്മിക്കൂ. ഈ ഓർമ്മ ഉണർത്തണം. നിങ്ങൾക്ക് ഇപ്പോൾ ഈ സ്മൃതി ഉണരുകയാണ്. നമ്മൾ ആത്മാക്കളാണ്, നമ്മുടെ അച്ഛൻ നമ്മെ പഠിപ്പിക്കാൻ വരികയാണ്. നമ്മളും കർമ്മേന്ദ്രിയങ്ങളിലൂടെയാണ് പഠിക്കുന്നത്. ബാബയും കർമ്മേന്ദ്രിയങ്ങളെ ആധാരമാക്കി ഈ ശരീരത്തിലൂടെ ആദ്യമാദ്യം ഇങ്ങനെ പറയുന്നു – ബാബയെ ഓർമ്മിക്കൂ. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇത് ജ്ഞാന മാർഗ്ഗമാണ്. ഭക്തിമാർഗ്ഗം എന്ന് പറയില്ല. ജ്ഞാനം ഒരേയൊരു പതിത പാവനൻ, ജ്ഞാനസാഗരനാണ് നൽകുന്നത്. നിങ്ങൾക്ക് ലഭിക്കുന്ന ആദ്യപാഠം ഇതാണ് – സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഇത് വളരെ അത്യാവശ്യമാണ്. മറ്റൊരു സത്സംഗത്തിലും ആർക്കും ഇങ്ങനെ പറയാൻ കഴിയില്ല. ഇന്നത്തെ കാലത്ത് ഒരുപാട് വ്യാജ സംഘടനകൾ ഉണ്ട്. നിങ്ങളിൽ നിന്നും കേട്ട് ആരെങ്കിലും പറഞ്ഞാലും അർത്ഥം മനസ്സിലാകില്ല. മനസ്സിലാക്കാനുള്ള ബുദ്ധിയുണ്ടാവില്ല. ബാബ നിങ്ങളോട് മാത്രമാണ് ഇത് പറയുന്നത് അതായത് പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. വിവേകവും പറയുന്നുണ്ട് ഇത് പഴയ ലോകമാണ്. പുതിയ ലോകവും പഴയ ലോകവും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. അത് പാവനമായ ലോകമാണ് എന്നാൽ ഇത് പതിതമായ ലോകമാണ്. അല്ലയോ പതിത പാവനാ വരൂ, വന്ന് പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് വിളിക്കുന്നുമുണ്ട്. എന്നെ മാത്രം ഓർമ്മിക്കൂ എന്ന് ഗീതയിലും ഉണ്ട്. ദേഹത്തിന്റെ മുഴുവൻ സംബന്ധങ്ങളേയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഈ ദേഹത്തിന്റെ സംബന്ധങ്ങൾ മുമ്പ് ഉണ്ടായിരുന്നില്ല. നിങ്ങൾ ആത്മാക്കൾ ഇവിടെ വരുന്നത് പാർട്ട് അഭിനയിക്കാനാണ്. ഒറ്റയ്ക്കാണ് വന്നത്, ഒറ്റയ്ക്കുതന്നെ പോകണം എന്ന് ഗീതവുമുണ്ട്. ഇതിന്റെ അർത്ഥം മനുഷ്യർ മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് പ്രാക്ടിക്കലായി അറിയാം. ഓർമ്മയുടെ യാത്രയിലൂടെ അഥവാ ഓർമ്മയുടെ ബലത്തിലൂടെ ഇപ്പോൾ നമ്മൾ പവിത്രമായി മാറുകയാണ്. അത് ഹഠയോഗമാണ് അതിലൂടെ മനുഷ്യർ അല്പകാലത്തിലേയ്ക്ക് ആരോഗ്യവാനായിരിക്കുന്നു. സത്യയുഗത്തിൽ നിങ്ങൾ എത്ര ആരോഗ്യവാന്മാരായാണ് ഇരിക്കുന്നത്. ഹഠയോഗത്തിന്റെ ആവശ്യമില്ല. ഇതെല്ലാം ഇവിടെ ഈ മോശമായ ലോകത്തിലാണ് ചെയ്യേണ്ടത്. ഇത് പഴയ ലോകമാണ്. സത്യയുഗം പുതിയ ലോകമായിരുന്നു അത് കഴിഞ്ഞുപോയി, അതിൽ ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടായിരുന്നു. ഇത് ആർക്കും അറിയില്ല. അവിടെ ഓരോ വസ്തുവും പുതിയതാണ്. ഉണരൂ പ്രിയതമകളേ ഉണരൂ... എന്ന് ഗീതവും ഉണ്ടല്ലോ. നവയുഗമാണ് സത്യയുഗം. പഴയ ലോകമാണ് കലിയുഗം. ഇപ്പോൾ ഇതിനെ സത്യയുഗം എന്ന് പറയില്ല. ബാബ സ്മൃതി ഉണർത്തിത്തന്നു – ഇപ്പോൾ കലിയുഗമാണ്. നിങ്ങൾ സത്യയുഗത്തിനായാണ് പഠിക്കുന്നത്. ഈ പഠിപ്പിലൂടെ നിങ്ങൾ പുതിയ ലോകത്തിൽ രാജ്യപദവി പ്രാപ്തമാക്കും എന്ന് പറഞ്ഞ് പഠിപ്പിക്കുന്ന മറ്റാരും ഉണ്ടാകില്ല. ആർക്കും പറയാൻ കഴിയില്ല. നിങ്ങൾ കുട്ടികളിൽ ഓരോ കാര്യത്തിന്റേയും ഓർമ്മ ഉണർത്തുകയാണ്. തെറ്റ് ചെയ്യരുത്. ബാബ എല്ലാവർക്കും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. എവിടെ വേണമെങ്കിലും ഇരുന്നോളൂ, ജോലികൾ ചെയ്തോളൂ, എന്നാൽ ആത്മാവാണെന്ന് മനസ്സിലാക്കി ചെയ്യൂ. ജോലികാര്യങ്ങളിൽ അല്പം ബുദ്ധിമുട്ടുണ്ടെങ്കിൽ എത്ര സാധിക്കുമോ അത്രയും സമയം എടുത്ത് ഓർമ്മയിൽ ഇരിക്കൂ എങ്കിലേ ആത്മാവ് പവിത്രമാകൂ. മറ്റൊരു ഉപായവുമില്ല. നിങ്ങൾ രാജയോഗം പഠിക്കുകയാണ് പുതിയ ലോകത്തിലേയ്ക്കായി. കലിയുഗത്തിലെ ആത്മാക്കൾക്ക് അവിടേയ്ക്ക് പോകാൻ സാധിക്കില്ല. മായ ആത്മാവിന്റെ ചിറകിനെ മുറിച്ചിരിക്കുകയാണ്. ആത്മാവ് പറക്കുമല്ലോ. ഒരു ശരീരം വിട്ട് അടുത്തത് എടുക്കുന്നു. ആത്മാവാണ് ഏറ്റവും വേഗതകൂടിയ റോക്കറ്റ്. നിങ്ങൾ കുട്ടികൾക്ക് ഈ പുതിയ പുതിയ കാര്യങ്ങൾ കേട്ട് അത്ഭുതം തോന്നുന്നു. ആത്മാവ് എത്ര ചെറിയ റോക്കറ്റാണ്. അതിൽ 84

ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ മനസ്സിൽ ഓർമ്മിക്കുന്നതിലൂടെ ഉത്സാഹം ഉണ്ടാകും. സ്ക്കൂളിൽ വിദ്യാർത്ഥികളുടെ ബുദ്ധിയിൽ അഭ്യസിച്ച വിദ്യ ഓർമ്മ നിൽക്കുമല്ലോ. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ എന്താണ്? ബുദ്ധി ശരീരത്തിലല്ല. ആത്മാവിൽ തന്നെയാണ് മനസ്സും ബുദ്ധിയും. ആത്മാവുതന്നെയാണ് പഠിക്കുന്നത്. ജോലി കാര്യങ്ങളെല്ലാം ചെയ്യുന്നതും ആത്മാവാണ്. ശിവബാബയും ആത്മാവാണ്. എന്നാൽ പരമാത്മാവ് എന്നാണ് വിളിക്കുന്നത്. ബാബ ജ്ഞാനസാഗരനാണ്. ബാബ വളരെ ചെറിയ ബിന്ദുവാണ്. എന്താണോ ആ ബാബയിലുള്ള സംസ്ക്കാരം അതുതന്നെയാണ് നിങ്ങൾ കുട്ടികളിൽ നിറയുന്നത് എന്നതും ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ യോഗബലത്തിലൂടെ പാവനമായി മാറുന്നു. അതിനായി പുരുഷാർത്ഥം ചെയ്യണം. ഞാൻ തോറ്റുപോകുമോ എന്ന പേടി പഠിപ്പിൽ ഉണ്ടാകാറുണ്ട്. ഇതിൽ ഒന്നാമത്തെ വിഷയം തന്നെ ഇതാണ് അതായത് നാം ആത്മാക്കൾക്ക് സതോപ്രധാനമായി മാറണം. ഒരു കുറവും ഉണ്ടാകരുത്. ഇല്ലെങ്കിൽ തോറ്റുപോകും. മായ നിങ്ങളെ എല്ലാകാര്യവും മറപ്പിക്കും. ആത്മാവ് ചാർട്ട് വെയ്ക്കണം എന്ന് ആഗ്രഹിക്കുന്നുണ്ട്. മുഴുവൻ ദിവസത്തിലും ഒരു ആസുരീയ കാര്യവും ചെയ്യരുത്. എന്നാൽ മായ ചാർട്ട് വെയ്ക്കാൻ അനുവദിക്കുന്നില്ല. നിങ്ങൾ മായയുടെ വലയിൽ പെടുന്നു. കണക്ക് വെയ്ക്കണം എന്ന് മനസ്സ് പറയുന്നുണ്ട്. വ്യാപാരികൾ എപ്പോഴും ലാഭ നഷ്ടത്തിന്റെ കണക്ക് വെയ്ക്കാറുണ്ട്. നിങ്ങളുടേത് വളരെ വലിയ കണക്കാണ്. 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പാദ്യമാണ്, ഇതിൽ തെറ്റ് ചെയ്യരുത്. കുട്ടികൾ ഒരുപാട് അശ്രദ്ധരാവുന്നുണ്ട്. ഈ ബാബയെ നിങ്ങൾ സൂക്ഷ്മ വതനത്തിലും സ്വർഗ്ഗത്തിലും കാണുന്നുണ്ട്. ബാബയും ഒരുപാട് പുരുഷാർത്ഥം ചെയ്യുന്നുണ്ട്. അത്ഭുതപ്പെടുകയും ചെയ്യുന്നു. ബാബയുടെ ഓർമ്മയിൽ കുളിക്കുന്നു, ഭക്ഷണം കഴിക്കുന്നു, എന്നിട്ടും മറന്നുപോകുന്നു പിന്നീട് വീണ്ടും ഓർമ്മിക്കാൻ തുടങ്ങുന്നു. ഇതാണ് പ്രധാന വിഷയം. ഇതിൽ ഒരു അഭിപ്രായ വ്യത്യാസവും വരില്ല. ദേഹസഹിതം ദേഹത്തിന്റെ മുഴുവൻ സംബന്ധങ്ങളേയും ഉപേക്ഷിക്കൂ എന്ന് ഗീതയിലും ഉണ്ട്. ബാക്കിയുള്ളത് ആത്മാവാണ്. ദേഹത്തെ മറന്ന് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവുതന്നെയാണ് പതിതവും തമോപ്രധാനവുമായി മാറിയിരിക്കുന്നത്. ആത്മാവ് നിർലേപമാണ് എന്ന് പിന്നീട് മനുഷ്യർ പറയുന്നു. ആത്മാവുതന്നെയാണ് പരമാത്മാവ്, പരമാത്മാവുതന്നെയാണ് ആത്മാവ് അതിനാൽ ആത്മാവിൽ ഒന്നും ഏൽക്കില്ല എന്ന് കരുതുന്നു. തമോഗുണികളായ മനുഷ്യർ പഠിപ്പിക്കുന്നതും തമോഗുണിയായ കാര്യങ്ങളാണ്. സതോഗുണിയാക്കി മാറ്റാൻ സാധിക്കില്ല. ഭക്തിമാർഗ്ഗത്തിൽ തമോപ്രധാനമായി മാറണം. ഓരോ വസ്തുവും ആദ്യം സതോപ്രധാനവും പിന്നീട് സതോ, രജോ, തമോയിലേയ്ക്ക് വരികയും ചെയ്യുന്നു. നിർമ്മാണവും നാശവും ഉണ്ടാകുന്നു. ബാബ പുതിയ ലോകത്തിന്റെ നിർമ്മാണം നടത്തുന്നു പിന്നീട് ഈ പഴയലോകത്തിന്റെ നാശം സംഭവിക്കുന്നു. ഭഗവാൻ പുതിയ ലോകം രചിക്കുന്നയാളാണ്. ഈ പഴയ ലോകം മാറി പുതിയതാവും. പുതിയ ലോകത്തിന്റെ അടയാളം ഈ ലക്ഷ്മീ നാരായണന്മാരല്ലേ. ഇവർ പുതിയ ലോകത്തിന്റെ അധികാരികളാണ്. ത്രേതയേയും പുതിയ ലോകം എന്ന് പറയില്ല. കലിയുഗത്തെ പഴയത് എന്നും, സത്യയുഗത്തെ പുതിയത് എന്നും പറയും. കലിയുഗ അന്ത്യത്തിനും സത്യയുഗ ആരംഭത്തിനും ഇടയിലുള്ള സംഗമമാണിത്. ആരെങ്കിലും എം. എ, ബി. എ. ക്ക് പഠിക്കുകയാണെങ്കിൽ ഉയർന്നതായി മാറില്ലേ. നിങ്ങൾ ഈ പഠിപ്പിലൂടെ എത്ര ഉയർന്നതായി മാറുന്നു. ഇവരെ ഇത്രയും ഉയർന്നതാക്കി മാറ്റിയത് ആരാണ് എന്ന കാര്യം ലോകത്തിന് അറിയില്ല. നിങ്ങൾ ഇപ്പോൾ ആദി മദ്ധ്യ അന്ത്യത്തെ അറിഞ്ഞുകഴിഞ്ഞു. എല്ലാവരുടേയും ജീവചരിത്രം നിങ്ങൾക്ക് അറിയാം. ഇതാണ് ജ്ഞാനം. ഭക്തിയിൽ ജ്ഞാനമില്ല കേവലം കർമ്മകാണ്ഢമാണ് പഠിപ്പിക്കുന്നത്. ഭക്തി ഒരുപാടുണ്ട്. എത്ര വർണ്ണിക്കുന്നു. വളരെ സുന്ദരമായ കർമ്മകാണ്ഢമാണ്. ജ്ഞാനത്തിന്റെ സാരം ഒന്നുമാത്രമാണ് മന്മനാഭവ. ബാബ പറയുന്നു, തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നതിനായി എന്നെ ഓർമ്മിക്കൂ. പതീത പാവനാ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്ന് നിങ്ങൾ പറയാറുമുണ്ട്. രാവണ രാജ്യത്തിൽ എല്ലാവരും പതിതവും ദുഃഖിയുമാണ്. രാമരാജ്യത്തിൽ എല്ലാവരും പാവനവും സുഖിയുമാണ്. രാമരാജ്യം, രാവണരാജ്യം എന്നീ പേരുകളുമുണ്ട്. രാമരാജ്യത്തെക്കുറിച്ച് നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും അറിയില്ല. നിങ്ങൾ ഇപ്പോൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. 84 ജന്മങ്ങളുടെ രഹസ്യവും നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. ഭഗവാനുവാചാ– മന്മനാഭവ എന്നെല്ലാം പറയുന്നുണ്ട്. നിങ്ങൾ എങ്ങനെയാണ് 84 ജന്മങ്ങൾ പൂർത്തിയാക്കിയത് എന്ന് ആരെങ്കിലും പറഞ്ഞുതരുമോ. ഇപ്പോൾ ചക്രം പൂർത്തിയാവുകയാണ്. ഗീത കേൾപ്പിക്കുന്നവർ ഗീതയെക്കുറിച്ച് എന്താണ് പറയുന്നത് എന്ന് പോയി കേൾക്കൂ. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ മുഴുവൻ ജ്ഞാനവും ഊറിവരികയാണ്. ബാബ ചോദിക്കുന്നു – മുൻപ് എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? പറയുന്നു, ഉണ്ട് ബാബാ, കല്പം മുമ്പ് കണ്ടിരുന്നു. ബാബ ചോദിക്കുന്നു അതിന് നിങ്ങൾ അർത്ഥമുള്ള ഉത്തരം നൽകുന്നു. തത്തയെപ്പോലെയല്ല പറയുന്നത്. പിന്നീട് ബാബ ചോദിക്കുന്നു – എന്തിനാ കണ്ടുമുട്ടിയത്, എന്താ നേടിയത്? അപ്പോൾ നിങ്ങൾക്ക് പറയാൻ സാധിക്കും – ഞങ്ങൾ വിശ്വരാജ്യം നേടിയിരുന്നു, അതിൽ എല്ലാം വരും. തീർച്ചയായും നിങ്ങൾ പറയുന്നുണ്ട് നരനിൽ നിന്നും നാരായണനായി മാറിയിരുന്നു, വിശ്വത്തിന്റെ അധികാരിയായി മാറുക, അതിൽ രാജാവും റാണിയും

ദൈവീക പരമ്പരയും എല്ലാം വരും. അതിന്റെ അധികാരിയായി രാജാവും റാണിയും പ്രജകളും എല്ലാവരും മാറും. ഇതിനെയാണ് പറയുന്നത് ശുഭകാര്യം പറയുക. ഞങ്ങൾ നരനിൽ നിന്നും നാരായണനായി മാറും, അതിൽ കുറയില്ല. ബാബ പറയും– ശരി കുട്ടികളേ, പൂർണ്ണ പുരുഷാർത്ഥം ചെയ്യൂ. തന്റെ കണക്കുകളും നോക്കണം– ഈ അവസ്ഥയിൽ എനിക്ക് ഉയർന്ന പദവി നേടാൻ സാധിക്കുമോ അതോ ഇല്ലയോ? എത്ര പേർക്ക് വഴി പറഞ്ഞുകൊടുത്തു? എത്ര അന്ധന്മാരുടെ ഊന്നുവടിയായി മാറി? അഥവാ സേവനം ചെയ്യുന്നില്ലെങ്കിൽ മനസ്സിലാക്കണം– ഞാൻ പ്രജയിലേയ്ക്ക് പോകും. തന്റെ ഹൃദയത്തോട് ചോദിക്കണം അഥവാ ഇപ്പോൾ ശരീരം വിടുകയാണെങ്കിൽ എന്ത് പദവി നേടും? വളരെ വലിയ ലക്ഷ്യമാണ് അതിനാൽ വളരെ ശ്രദ്ധയോടെ ഇരിക്കണം. പല കുട്ടികളും കരുതുന്നു ഞങ്ങൾ ഓർമ്മിക്കുന്നേയില്ല പിന്നെ കണക്ക് വെച്ചിട്ട് എന്ത് കാര്യം. അവരെ നിരാശ ബാധിച്ചവർ എന്നാണ് പറയുക. അവർ പഠിക്കുന്നതും ഇതുപോലെത്തന്നെയാണ്. ശ്രദ്ധ നൽകുന്നില്ല. മിഥ്യാ ജ്ഞാനിയായിരുന്ന് അവസാനം തോറ്റുപോകരുത്. തന്റെ മംഗളം ചെയ്യണം. പ്രധാനലക്ഷ്യം മുന്നിലുണ്ട്. നമുക്ക് പഠിച്ച് ഇതായി മാറണം. ഇതും അത്ഭുതമല്ലേ. കലിയുഗത്തിൽ രാജ്യപദവി ഇല്ല. സത്യയുഗത്തിൽ പിന്നീട് ഇവരുടെ രാജ്യം എങ്ങനെ ഉണ്ടായി. എല്ലാത്തിന്റേയും ആധാരം പഠിപ്പാണ്. ദേവന്മാരുടേയും അസുരന്മാരുടേയും യുദ്ധം നടന്നു, ദേവതകൾ വിജയിച്ച് രാജ്യം നേടി എന്നല്ല. ഇപ്പോൾ ദേവന്മാരും അസുരന്മാരും തമ്മിലുള്ള യുദ്ധം എങ്ങനെ സാധ്യമാകും. കൗരവരും പാണ്ഢവരും തമ്മിലും യുദ്ധം നടക്കുന്നില്ല. യുദ്ധത്തിന്റെ കാര്യം തന്നെ നിഷേധിക്കേണ്ടതാണ്. ആദ്യം ഈ മാതാക്കളോട് ബാബ പറയുന്നു– ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. നിങ്ങൾ ആത്മാക്കൾ അശരീരിയായാണ് വന്നത്, ഇപ്പോൾ വീണ്ടും തിരിച്ചുപോകണം. പവിത്ര ആത്മാക്കൾക്കേ തിരിച്ചുപോകാൻ സാധിക്കൂ. തമോപ്രധാനമായ ആത്മാക്കൾക്ക് പോകാൻ കഴിയില്ല. ആത്മാവിന്റെ ചിറക് ഒടിഞ്ഞിരിക്കുകയാണ്. മായ പതിതമാക്കി മാറ്റി. തമോപ്രധാനമായതിനാൽ ഇത്രയും ദൂരെ പവിത്രമായ സ്ഥാനത്തേയ്ക്ക് പോകാൻ കഴിയില്ല. ഇപ്പോൾ നിങ്ങളുടെ ആത്മാവ് പറയും വാസ്തവത്തിൽ നമ്മൾ പരംധാമത്തിൽ വസിക്കുന്നവരാണ്. ഇവിടെ 5 തത്വങ്ങളാൽ നിർമ്മിതമായ മൂർത്തിയെ ധരിച്ചിരിക്കുകയാണ് പാർട്ട് അഭിനയിക്കാനായി. മരിച്ചാൽ പറയും സ്വർഗ്ഗവാസിയായി. ആര്? അവിടേയ്ക്ക് ശരീരം പോയോ അതോ ആത്മാവാണോ പോയത്? ശരീരം കത്തിനശിച്ചല്ലോ. ബാക്കിയുള്ളത് ആത്മാവാണ്. അതിന് സ്വർഗ്ഗത്തിലേയ്ക്ക് പോകാൻ കഴിയില്ല. മനുഷ്യർ എന്ത് കേട്ടോ അത് പറയുന്നു. ഭക്തിമാർഗ്ഗത്തിലുള്ളവർ ഭക്തി മാത്രമാണ് പഠിപ്പിച്ചത്, കർത്തവ്യം എന്താണ് എന്നത് ആർക്കും അറിയില്ല. ശിവപൂജ സർവ്വശ്രേഷ്ഠമെന്ന് പറയുന്നു. ഉയർന്നതിലും ഉയർന്നത് ശിവനാണ്, അവരെത്തന്നെയാണ് ഓർമ്മിക്കുന്നത്, സ്മരിക്കുന്നത്. മാലയും നൽകാറുണ്ട്. പറയുന്നു ശിവ ശിവ എന്നു പറഞ്ഞ് മാല കറക്കിക്കൊണ്ടിരിക്കൂ. അർത്ഥമറിയാതെ മാലയെടുത്ത് ശിവ ശിവാ എന്ന് പറഞ്ഞുകൊണ്ടിരിക്കും. ഗുരുക്കന്മാർ അനേക പ്രകാരത്തിലുള്ള പഠിപ്പ് നൽകുന്നുണ്ട്. ഇവിടെയാണെങ്കിൽ ഒരേയൊരു കാര്യമേയുള്ളു– ബാബ സ്വയം പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ശിവ ശിവാ എന്ന് വായിലൂടെ പറയേണ്ടതില്ല. അച്ഛന്റെ പേര് കുട്ടികൾ ഒർമ്മിച്ചുകൊണ്ടിരിക്കുമോ. ഇവിടെ എല്ലാം ഗുപ്തമാണ്. നിങ്ങൾ എന്താണ് ചെയ്യുന്നത് എന്നത് ആർക്കും അറിയില്ല. ആരാണോ കല്പം മുമ്പ് മനസ്സിലാക്കിയത് അവരേ മനസ്സിലാക്കൂ. പുതിയ പുതിയ കുട്ടികൾ വന്നുകൊണ്ടിരിക്കുന്നു, വൃദ്ധി നേടിക്കൊണ്ടിരിക്കും. മുന്നോട്ട് പോകവേ ഡ്രാമ എന്താണ് കാണിച്ചുതരാൻ പോകുന്നത് എന്നത് സാക്ഷിയായി കാണണം. ഇന്നയിന്നത് സംഭവിക്കും എന്ന് ബാബ ആദ്യം തന്നെ സാക്ഷാത്ക്കാരം നൽകുകയില്ല. അപ്പോൾ പിന്നെ കൃത്രിമമാകും. ഇത് മനസ്സിലാക്കേണ്ട വളരെ വലിയ കാര്യമാണ്. നിങ്ങൾക്ക് വിവേകം ലഭിക്കുകയാണ്, ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ വിവേകശൂന്യരായിരുന്നു. അറിയാം ഡ്രാമയിൽ ഭക്തിയും ഉൾപ്പെടുന്നുണ്ട്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്– നമ്മൾ ഈ പഴയലോകത്തിൽ വസിക്കുന്നവരല്ല. വിദ്യാർത്ഥികൾക്ക് ഈ പഠിപ്പ് ബുദ്ധിയിൽ ഉണ്ടാകും. നിങ്ങൾക്കും മുഖ്യ മുഖ്യമായ പോയിന്റുകൾ ബുദ്ധിയിൽ ധാരണ ചെയ്യണം. നമ്പർ വൺ കാര്യം അള്ളാഹുവിൽ ഉറച്ചവരാകുക എന്നതാണ് അപ്പോൾ മുന്നോട്ട് പോകാൻ സാധിക്കും. ഇല്ലെങ്കിൽ വ്യർത്ഥമായ കാര്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കും. പെൺകുട്ടികൾ എഴുതാറുണ്ട് ഗീതയുടെ ഭഗവാൻ ശിവനാണ്, ഈ കാര്യം വളരെ ശരിയാണ് എന്ന് ഇന്നയാൾ എഴുതിത്തന്നു. ഇങ്ങനെ പറയുന്നുണ്ട് എന്നാൽ ബുദ്ധിയിൽ ഒന്നും ഇരിക്കുന്നുണ്ടാകില്ല. അഥവാ ബാബ വന്നിരിക്കുന്നു എന്ന് മനസ്സിലാക്കിയാൽ ഇങ്ങനെയുള്ള ബാബയെ എനിക്ക് ചെന്ന് കാണണം, സമ്പത്ത് എടുക്കണം എന്ന് പറയും. ഒരാൾക്കുപോലും നിശ്ചയം ഉണ്ടാകുന്നില്ല. പെട്ടെന്ന് ഒരാളുടെ പോലും കത്ത് വരുന്നില്ല. ജ്ഞാനം വളരെ നല്ലതാണ് എന്ന് എഴുതുന്നുണ്ട് പക്ഷേ ആഹാ ഇങ്ങനെയുള്ള ബാബയാണ്, ഇത്രയും കാലം അകന്നിരുന്നു, ഭക്തിമാർഗ്ഗത്തിൽ ക്ഷീണിച്ചുപോയി, ഇപ്പോൾ ആ ബാബ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റാൻ വന്നിരിക്കുന്നു എന്നു പറയത്തക്കരീതിയിൽ ധൈര്യമില്ല. എങ്കിൽ

ഓടി വരും. മുന്നോട്ട് പോകവേ വരും. അഥവാ ബാബയെ മനസ്സിലാക്കി, ഉയർന്നതിലും ഉയർന്നത് ഭഗവാനാണ് എങ്കിൽ അവരുടേതായി മാറൂ. അവരുടെ വാതിൽ തുറക്കുന്ന രീതിയിലായിരിക്കണം മനസ്സിലാക്കിക്കൊടുക്കാൻ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാ-പിതാവായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ജോലി കാര്യങ്ങൾ ചെയ്തുകൊണ്ടും ആത്മാവിനെ പാവനമാക്കി മാറ്റുന്നതിനായി സമയം കണ്ടെത്തി ഓർമ്മയിൽ ഇരിക്കുന്നതിനുള്ള പരിശ്രമം ചെയ്യണം. ഒരിയ്ക്കലും ഒരു പ്രകാരത്തിലുള്ള ആസുരീയ കർമ്മവും ചെയ്യരുത്.

2) തന്റേയും മറ്റുള്ളവരുടേയും മംഗളം ചെയ്യണം. പഠിപ്പ് പഠിക്കുകയും പഠിപ്പിക്കുകയും വേണം, മിഥ്യാ ജ്ഞാനിയായി മാറരുത്. ഓർമ്മയുടെ ബലം ശേഖരിക്കണം.

## വരദാനം: - പേരിന്റെയും പ്രശസ്തിയുടെയും ത്യാഗത്തിലൂടെ സർവ്വരുടേയും സ്നേഹം പ്രാപ്തമാക്കുന്ന വിശ്വത്തിലെ ഭാഗ്യവിധാതാവായി ഭവിക്കട്ടെ.

ഏതുപോലെ ബാബ നാമരൂപങ്ങളിൽ നിന്ന് വേറിട്ടതാണെന്നു പറയുമ്പോഴും ഏറ്റവുംമധികം പേരുകളുടെ മഹിമയുള്ളത് ബാബയ്ക്കാണ്, അതുപോലെ നിങ്ങളും അല്പകാലത്തെ പേരിലും പ്രശസ്തിയിലും നിന്ന് വേറിട്ടവരായിരുന്നാൽ സദാ കാലത്തേയ്ക്ക് സ്വതവേ സർവർക്കും പ്രീയപെട്ടവരായി മാറും. ആരാണോ പേരിന്റെയും പ്രശസ്തിയുടെയും യാചനയുടെ ത്യാഗം ചെയ്യുന്നത് അവർ വിശ്വത്തിന്റെ ഭാഗ്യവിധാതാവായി മാറും. കർമ്മത്തിന്റെ ഫലം സ്വതവേ നിങ്ങളുടെ മുന്നിൽ സമ്പന്ന സ്വരൂപത്തിൽ വരും അതിനാൽ അല്പകാലത്തിന്റെ ഇച്ഛാമാത്രം അവിദ്യയാകൂ. പാകമല്ലാത്ത ഫലം കഴിക്കരുത്, അത് ത്യാഗം ചെയ്യുമ്പോൾ ഭാഗ്യം നിങ്ങളുടെ പിന്നാലെ വരും.

## സ്ലോഗൻ: - പരമാത്മാവാകുന്ന അച്ഛന്റെ കുട്ടികളാകുമ്പോൾ ബുദ്ധിയാകുന്ന പാദം സദാ സിംഹസനസ്ഥം ആയിരിക്കണം.

**അവ്യക്ത സൂചന- അശരീരിയുടയും വിദേഹി സ്ഥിതിയുടെയും അഭ്യാസം വർധിപ്പിക്കൂ.**

ഏതെങ്കിലും സേവനത്തിന്റെ പ്ലാൻ തയ്യാറാക്കുകയാണെങ്കിൽ, ഉണ്ടാക്കൂ, ചിന്തിക്കൂ, എന്നാൽ എന്ത് സംഭവിക്കും!... അതിൽ ആശ്ചര്യപെട്ടുകൊണ്ടല്ല. വിദേഹിയും സാക്ഷിയുമായി ചിന്തിക്കൂ. ചിന്തിച്ചു, പ്ലാൻ തയ്യാറാക്കി, സെക്കന്റിൽ പ്ലെയിൻ സ്ഥിതി തയ്യാറാക്കികൊണ്ടിരിക്കൂ. ഇപ്പോൾ സ്ഥിതിയാണ് ആവശ്യമായത്. ഈ വിദേഹി സ്ഥിതി പരിസ്ഥിതിയെ വളരെ സഹജമായി തരണം ചെയ്യിപ്പിക്കും. ഏതുപോലെ മേഘങ്ങൾ വന്നു അതുപോലെ പോകുകയും ചെയ്തു. വിദേഹിയും അചഞ്ചലവും ദൃഢതയുള്ളവരുമായി കളി കണ്ടുകൊണ്ടിരിക്കൂ.